**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5232 — 27.7.2015 -ൽ മറുപടിക്ക്

## ചെറുതുരുത്തി വില്ലേജോഫീസിനുവേണ്ടി പുതിയ കെട്ടിടം

| | ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി വില്ലേജ് ആഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്നും എത്ര കാലമായി അവിടെ പ്രവർത്തിക്കുന്നുവെന്നും അറിയിക്കുമോ; | (എ) | ചെറുതുരുത്തി വില്ലേജ് ആഫീസ് 15 വർഷത്തോളമായി ചെറുതുരുത്തിയിലെ വള്ളത്തോൾ നഗർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | കൊച്ചിൻപാലം നിർമ്മിക്കുന്ന സമയത്ത് പാലത്തിനു സമീപത്തുള്ള ഭൂമിയിൽ പുതിയ വില്ലേജോഫീസ് നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിൽ എന്തെങ്കിലും തുക നിക്ഷേപിച്ചിട്ടുണ്ടോ എന്നും ആ തുക പിൻവലിക്കുകയോ മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | വില്ലേജോഫീസ് നിർമ്മാണത്തിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് **4,84,066/-** രൂപ റവന്യൂ വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക പിൻവലിക്കുകയോ മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| (സി) | നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വള്ളത്തോൾ നഗർ പഞ്ചായത്തിലെ മറ്റൊരാഫീസിനുവേണ്ടി നിർമ്മിച്ചിട്ടുള്ളതായതിനാൽ വില്ലേജോഫീസിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോഴുള്ള കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | പുതിയ കെട്ടിടം നിർമ്മിക്കുന്ന മുറയ്ക്ക് നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**